# റമദാൻ ഫത്‌വകൾ

**രക്തം ദാനം ചെയ്താൽ നോമ്പ് മുറിയുമോ?**

രക്തദാനം കൊണ്ട് നോമ്പ് മുറിയുകയില്ലെന്നാണ് പ്രബലമായ വീക്ഷണം. രക്തദാനം ചെയ്യേണ്ട അടിയന്തര സാഹചര്യമില്ലാതിരിക്കെ, അതുവഴി നോമ്പ് മുറിക്കേണ്ടിവരുമെന്ന ആശങ്ക കൂടിയുണ്ടെങ്കിൽ രക്തദാനം ചെയ്യുന്നത് ആശാസ്യമല്ല. എന്നാൽ ആരുടെയെങ്കിലും ജീവൻ രക്ഷിക്കാൻ ആവശ്യമെങ്കിൽ നോമ്പ് മുറിച്ചും രക്തം ദാനം ചെയ്യേണ്ടതുണ്ട്.

**റമദാനിൽ പകൽസമയത്ത് സുഗന്ധദ്രവ്യം ഉപയോഗിക്കുന്നത് അനുവദനീയമാണോ?**

അനുവദനീയമാണ്. സുഗന്ധദ്രവ്യങ്ങൾ പൂശിയാൽ നോമ്പ് അസാധുവാകില്ല.

**എത്രാമത്തെ വയസ്സു മുതലാണ് കുട്ടികളെക്കൊണ്ട് നോമ്പ് അനുഷ്ഠിപ്പിക്കേണ്ടത്?**

പ്രായപൂർത്തിയായതു മുതലാണ് നമസ്കാരവും നോമ്പും മറ്റും നിർബന്ധപൂർവം അനുഷ്ഠിക്കേണ്ടത്. എന്നാൽ കുട്ടികളെ ചെറുപ്പത്തിലേ ഇത്തരം കാര്യങ്ങൾ പരിശീലിപ്പിക്കണമെന്ന് നബി(സ) നിർദേശിച്ചിട്ടുണ്ട്. ഏഴാം വയസ്സു മുതൽ പരിശീലനം തുടങ്ങാം. പത്തു വയസ്സായാൽ അത് കൂടുതൽ ഗൗരവത്തിലെടുക്കണം. നോമ്പ് പരിശീലനം നമസ്കാരം പരിശീലിച്ച ശേഷവും ആകാവുന്നതാണ്. പ്രായപൂർത്തിയാകുമ്പോഴേക്കും നമസ്കാരവും നോമ്പുമെല്ലാം സ്വയം സന്നദ്ധരായി നിർവഹിക്കുംവിധം അവർക്ക് മുൻകൂട്ടി പരിശീലനം നൽകുക.

**പല്ല് പറിച്ചാൽ നോമ്പ് അസാധുവാകുമോ?**

ഇല്ല.

**മസ്ജിദുൽ ഹറാമിൽ തറാവീഹ് നമസ്കാരത്തിന് നേതൃത്വം നൽകുന്ന ഇമാമിന്റെ ശബ്ദം ടി.വിയിലൂടെയോ റേഡിയോയിലൂടെയോ കേട്ടുകൊണ്ട് വീട്ടിൽ വെച്ച് അദ്ദേഹത്തെ തുടർന്ന് നമസ്കരിക്കാൻ പറ്റുമോ?**

കർമശാസ്ത്ര നിയമപ്രകാരം, ഈ രീതിയിൽ നമസ്കരിച്ചാൽ സാധുവാകുകയില്ല. തറാവീഹ് വീട്ടിൽ വെച്ചും ഒറ്റക്കോ ജമാഅത്തായോ നമസ്കരിക്കാവുന്നതാണ്. മുസ്ഹഫിൽ നോക്കി ഓതിയും നമസ്കരിക്കാം.

**സ്ത്രീകൾ വീട്ടിൽ വെച്ച് തറാവീഹ് നമസ്കരിച്ചാൽ പള്ളിയിൽ നമസ്കരിക്കുന്നതിനേക്കാൾ കൂടുതൽ പ്രതിഫലം ലഭിക്കുമെന്ന് ചിലർ പറയുന്നു. പള്ളിയിലാകുമ്പോൾ ഭക്തിയുളവാക്കുന്ന ഖുർആൻ പാരായണം കേൾക്കാം. ഏതാനും സൂറത്തുകൾ മാത്രം മനഃപാഠമുള്ള സ്ത്രീകൾ വീട്ടിൽ വെച്ചുള്ള തറാവീഹ് നമസ്കാരത്തിൽ അവ ആവർത്തിക്കേണ്ടിവരുമ്പോൾ പള്ളിയിലാണെങ്കിൽ ഒരു മാസം കൊണ്ട് ഇമാം ഖുർആൻ മുഴുവൻ പാരായണം ചെയ്യുന്നത് കേൾക്കാൻ കഴിയും. എല്ലാവരും ഒന്നിച്ച് നമസ്കരിക്കുമ്പോൾ സാഹോദര്യചിന്തയും ഐക്യബോധവും ഉളവാകാറുമുണ്ട്. ഈ ഗുണങ്ങളെല്ലാമുണ്ടായിരിക്കെ, സ്ത്രീകളുടെ തറാവീഹ് നമസ്കാരം പള്ളിയിൽ വെച്ചാകുമ്പോൾ പ്രതിഫലം കുറയുന്നതെങ്ങനെയാണ്?**

പുരുഷന്മാർ കൂടുതൽ പ്രതിഫലത്തിനുവേണ്ടി പള്ളിയിൽ വെച്ച് ജമാഅത്തായി നമസ്കരിക്കുമ്പോൾ സ്ത്രീകൾ വീട്ടിൽ വെച്ച് നമസ്കരിച്ചാൽ തന്നെ പൂർണമായി പ്രതിഫലം ലഭിക്കുമെന്ന് നബി(സ) അറിയിച്ചിട്ടുണ്ട്. എന്നാൽ സ്ത്രീകൾ പള്ളിയിലെ നമസ്കാരത്തിൽ പങ്കെടുക്കുന്നത് നബി(സ) വിലക്കിയിട്ടില്ല. അല്ലാഹുവിന്റെ ദാസിമാർക്ക് അവന്റെ ഭവനം വിലക്കരുതെന്ന് പ്രവാചകൻ പറഞ്ഞിട്ടുണ്ട്. പ്രവാചകന്റെ കാലത്ത് സ്ത്രീകൾ പള്ളിയിൽ വെച്ചും നമസ്കരിച്ചിരുന്നു. അതിനാൽ സ്ത്രീകൾക്ക് പള്ളിയിലെ നമസ്കാരത്തിൽ പങ്കെടുക്കാൻ താൽപര്യമുണ്ടെങ്കിൽ അവർക്ക് അതിന് സൗകര്യമേർപ്പെടുത്തിക്കൊടുക്കേണ്ടതുണ്ട്. നമസ്കാരത്തിന്റെ പ്രതിഫലത്തിനു പുറമെ ഖുർആൻ പാരായണം കേൾക്കൽ, മതപരമായ കാര്യങ്ങൾ പഠിക്കൽ, കുട്ടികൾക്ക് ഇസ്‌ലാമിക വിഷയങ്ങളിൽ പഠനവും പരിശീലനവും നൽകൽ, മറ്റുള്ളവരെ സഹായിക്കൽ, ഐക്യബോധം തുടങ്ങിയ ധാരാളം നല്ല കാര്യങ്ങൾക്കുള്ള അവസരവും അതിന്റെ പ്രതിഫലവും പള്ളിയിൽ വെച്ചുള്ള നമസ്കാരത്തിലൂടെ സ്ത്രീകൾക്ക് ലഭിക്കും.

**എത്ര ദൂരം യാത്ര ചെയ്യുമ്പോഴാണ് യാത്രക്കാരന് നോമ്പ് ഒഴിവാക്കാൻ അനുവാദമുള്ളത്?**

നമസ്കാരം ചുരുക്കി നിർവഹിക്കാൻ അനുവാദമുള്ളത്ര ദൂരം യാത്ര ചെയ്യുമ്പോൾ നോമ്പ് ഒഴിവാക്കാനും അനുവാദമുണ്ട്. 85 കിലോ മീറ്ററാണത്. യാത്രക്കാരന് നോമ്പ് പിടിക്കുകയോ ഒഴിവാക്കുകയോ ചെയ്യാം. റമദാൻ നോമ്പ് ഒഴിവാക്കുകയാണെങ്കിൽ പിന്നീടത് നിർബന്ധമായും നോറ്റുവീട്ടണം.

**ദീർഘനേരം നിന്ന് നമസ്കരിക്കാൻ കഴിയാത്തവർ ഇമാമിനോടൊപ്പം തറാവീഹ് നമസ്കരിക്കുമ്പോൾ ഇരിക്കുന്നത് അനുവദനീയമാണോ?**

കഴിയുമെങ്കിൽ നിന്ന് നമസ്കരിക്കുകയാണ് വേണ്ടത്. ന്യായമായ കാരണമുണ്ടെങ്കിൽ ഇരുന്ന് നമസ്കരിക്കാം. നിന്നു നമസ്കരിക്കാൻ കഴിയാത്തവിധം അവശത അനുഭവപ്പെട്ടാൽ ഇരുന്ന് നമസ്കരിക്കാവുന്നതാണ്. ഇമാം ഫാതിഹയും ഖുർആന്റെ മറ്റേതെങ്കിലും ഭാഗവും ഓതുമ്പോൾ കസേരയിലോ മറ്റോ ഇരിക്കുക. റുകൂഉം സുജൂദും സാധാരണ രീതിയിൽ നിർവഹിക്കുക. തറാവീഹ് പോലുള്ള ഐഛിക നമസ്കാരങ്ങളിൽ നിർത്തം നിർബന്ധമല്ലെങ്കിലും നിൽക്കാൻ കഴിവുണ്ടായിരിക്കെ ഇരുന്ന് നമസ്കരിച്ചാൽ പ്രതിഫലം കുറയും.

**ന്യായമായ കാരണത്താൽ നോമ്പ് ഒഴിവാക്കുന്ന വ്യക്തിക്ക് തറാവീഹ് നമസ്കരിച്ചുകൂടേ?**

നോമ്പും തറാവീഹും വ്യത്യസ്ത ആരാധനാ കർമങ്ങളാണ്. ന്യായമായ കാരണത്താൽ നോമ്പ് ഒഴിവാക്കുന്നവർക്കും തറാവീഹ് നമസ്കരിക്കാം. ആ നമസ്കാരത്തിനുള്ള പ്രതിഫലം അവർക്ക് ലഭിക്കും.

**നോമ്പുതുറന്ന ശേഷം ഒരു സ്ത്രീ തനിക്ക് മാസമുറയുള്ളതായി കാണുന്നു. പക്ഷേ, മഗ്‌രിബിനു മുമ്പാണോ ശേഷമാണോ അത് ആരംഭിച്ചതെന്ന് അറിയില്ല. അവരുടെ അന്നത്തെ നോമ്പ് സാധുവാണോ? അത് നോറ്റു വീട്ടേണ്ടതുണ്ടോ?**

മഗ്‌രിബിനു മുമ്പ് അത് ആരംഭിച്ചിട്ടുണ്ടെന്ന് തീർച്ചയില്ലാതിരിക്കുകയും മഗ്‌രിബിനു മുമ്പ് ആരംഭിക്കാൻ കൂടുതൽ സാധ്യതയുള്ളതായി കരുതാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ആ നോമ്പ് സാധുവാണ്. അത് വീണ്ടും നോൽക്കേണ്ടതില്ല. എന്നാൽ മാസമുറ ആരംഭിച്ചത് മഗ്‌രിബിന്റെ അൽപം മുമ്പാണെങ്കിലും അക്കാര്യം തീർച്ചയുണ്ടെങ്കിൽ ആ നോമ്പ് അസാധുവും നോറ്റു വീട്ടേണ്ടതുമാണ്.

**റമദാനിലെ രാത്രിയിൽ കുളി നിർബന്ധമായവർ സ്വുബ്ഹിനു മുമ്പുതന്നെ അനിവാര്യമായും കുളിക്കേണ്ടതുണ്ടോ?**

സമയത്ത് സ്വുബ്ഹ് നമസ്കരിക്കാൻ സാധ്യമാവുംവിധം ഏതു സമയത്തും കുളിക്കാവുന്നതാണ്. ഒരാൾ സ്വുബ്ഹ് നമസ്കാരസമയത്തിനുശേഷം കുളിച്ചാൽ പോലും നോമ്പ് സാധുവാണ്.

(*islamonline.net*-ൽനിന്ന്)